പ്പെടാൻ തുടങ്ങിയിട്ടുണ്ട്. പാലങ്ങളെല്ലാം തകർന്നതുകൊണ്ട് പുഴകളൊന്നും മുറിച്ചുകടക്കാൻ പറ്റുന്നില്ല. കൂലിപ്പണി ചെയ്തിരുന്നവർക്ക് അതിന് പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

10,000 രൂപ നൽകി ആദിവാസികളുടെ നഷ്ടങ്ങളെല്ലാം നികത്താം എന്നാണോ സർക്കാർ കരുതുന്നത്? ഞങ്ങൾക്ക് സ്ഥിരവരുമാനം ലഭിക്കത്തക്ക രീതിയിലുള്ള പ്രത്യേക പദ്ധതികൾക്കാണ് സർക്കാർ മുൻകൈയെടുക്കേണ്ടത്. വനത്തിനോട് ചേർന്ന് താമസിച്ചിരുന്നവരെ അവിടെത്തന്നെ പുനരധിവസിപ്പിക്കണം. പരിചിതമല്ലാത്ത മറ്റിടങ്ങളിലേക്ക് ഞങ്ങളെ പറിച്ചുമാറ്റരുത്. ഞങ്ങളുടെ ആരാധനാലയങ്ങളും ശ്മശാനങ്ങളും കൃഷിയിടങ്ങളുമൊക്കെ ഉള്ളിടത്ത് തന്നെ ഞങ്ങൾക്ക് ജീവിക്കാനുള്ള അവസ്ഥയുണ്ടാക്കണം. നഗരങ്ങളിൽ ജീവിക്കാൻ ഞങ്ങളാരും ഇഷ്ടപ്പെടുന്നില്ല. ലൈഫ് മിഷന്റെ ഭാഗമായി പണിയാനുദ്ദേശിക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളല്ല ഞങ്ങൾക്ക് വേണ്ടത്. പാടിക്കുന്ന് കോളനിയിലെ 23 കുടുംബങ്ങൾക്കായി പണിത ഫ്ളാറ്റിൽ കഷ്ടിച്ച് രണ്ടാൾക്ക് നിന്നുതിരിയാനുള്ള സ്ഥലം മാത്രമെ ഉള്ളൂ. ഫ്ളാറ്റ് ഞങ്ങളുടെ വാസസ്ഥലമല്ല. കാടുകളിൽ ജീവിക്കാനാണ് ഞങ്ങൾ ഇഷ്ടപ്പെടുന്നത്. നിലമ്പൂരിൽ 229 ഊരുകളാണുള്ളത്. ഇതിന്റെ പകുതിയിലധികം ഊരുകൾക്കും വനാവകാശം ലഭിച്ചിട്ടുണ്ട്. ഊർങ്ങാട്ടിരി, കരിമ്പ്, മതിന്മൂല, നെല്ലിയാമ്പതി തുടങ്ങിയ ഊരുകളെല്ലാം വനാവകാശഭൂമിയാണ്. ഞങ്ങൾക്കവകാശപ്പെട്ട ഭൂമി നൽകിയാണ് ഞങ്ങളെ പുനരധിവസിപ്പിക്കേണ്ടത്. സർക്കാർ നൽകുന്ന അഞ്ച് സെന്റ് ഭൂമി ഞങ്ങൾക്ക് വേണ്ട. വനമില്ലാതെ ആദിവാസികളില്ല. സർക്കാർ നടത്തുന്ന പുനരധിവാസം ആദിവാസികളെ അറിഞ്ഞും പരിഗണിച്ചും ഉള്ളതായിരിക്കണം. വീതിയേറിയ റോഡുകളും പാലങ്ങളും ഫ്ളാറ്റുകളുമൊന്നും ഞങ്ങൾക്കാവശ്യമില്ല. ഞങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കാനുള്ള സാഹചര്യം ഒരുക്കിതന്നാൽ മാത്രം മതി. ഞങ്ങളുടെ നഷ്ടപ്പെട്ട കൃഷിയും വീടുമെല്ലാം പുനർനിർമ്മിക്കപ്പെടുമ്പോഴേക്കും ഏറെ കാലമെടുക്കും. ഉരുൾപ്പൊട്ടൽ അതിരൂക്ഷമായി ബാധിച്ച 33 കുടുംബങ്ങളിൽ ഒരാൾക്കെങ്കിലും എന്തെങ്കിലും തരത്തിലുള്ള ഒരു സ്ഥിരവരുമാനം ലഭിക്കുന്ന സംവിധാനമൊരുക്കാൻ സർക്കാർ ശ്രമിക്കണം. കൂടാതെ, വരുമാന സാധ്യത നിലനിർത്തിക്കൊണ്ടുള്ള പുനർനിർമ്മാണപരിപാടികൾ മാത്രമേ നിലമ്പൂരിൽ ആലോചിക്കാവൂ. ■

# കുട്ടനാടിന് പ്രളയം ഒരാനന്ദമാണ്

**സി.ജെ. തങ്കച്ചൻ, കുട്ടനാട്**

**കൃഷി** വ്യാപകമായിട്ടുള്ള സ്ഥലമാണല്ലോ കുട്ടനാട്. ഇവിടെ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും പ്രളയം നല്ല അനുഭവമാണ്. പ്രളയം കുട്ടനാടിന്റെയൊരാനന്ദമാണ്. പ്രളയത്തിന് ശേഷമാണ് ഞങ്ങൾക്ക് മത്സ്യങ്ങൾ കൂടുതൽ കിട്ടുന്നതും കൃഷി ആദായകരമാകുന്നതും. പശ്ചിമഘട്ടത്തെ വനങ്ങളിലുള്ള ഇലകളും എക്കലുമെല്ലാം ചീഞ്ഞളിഞ്ഞ് കുട്ടനാട്ടിലേക്ക് ഒഴുകിയെത്തുമ്പോൾ ഞങ്ങൾക്ക് ഏറെ വളക്കൂറുള്ള മണ്ണാണ് കിട്ടാറുള്ളത്. ഇത് ഭക്ഷിക്കാനായി കൂടുതൽ മത്സ്യങ്ങൾ കടലിൽ നിന്നും കയറിവരും. ഈ പ്രക്രിയ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ഒരുപോലെ ഗുണംചെയ്യാറുണ്ട്. ഓരോ പ്രളയവും ഞങ്ങൾക്ക് ചാകരയാകുന്നത് ഇതുകൊണ്ടാണ്. ഫെബ്രുവരി പകുതിയോടെ ഞങ്ങളുടെ പ്രദേശത്ത് ഓരു കയറും. മെയ് മാസത്തോടെയാണ് ഈ പ്രക്രിയ അവസാനിക്കുക. ജൂൺ മാസം ആദ്യം വരുന്ന പ്രളയം വെള്ളത്തിലെ ചെളിയും എക്കലും പുളിരസവുമെല്ലാം കടലിലേക്ക് കൊണ്ടുപോകും. ഞങ്ങളെ സംബന്ധിച്ച് പ്രളയം ഒരു സ്വാഭാവികശുദ്ധീകരണ പ്രക്രിയയാണ്. അതുകൊണ്ടുതന്നെ ഈ പ്രളയത്തെ ഞങ്ങൾക്ക് യാതൊരു ഭയവുമില്ല.അധികമഴയുണ്ടായി കേരളത്തിലെ കുറെയേറെ സ്ഥലങ്ങൾ പ്രളയബാധിതമായതിൽ വിഷമമുണ്ടെങ്കിലും കുട്ടനാട്ടുക്കാരനെന്ന നിലയിൽ പ്രളയം നല്ല അനുഭവമാണ്.

ഒരു വലിയ പാടശേഖരത്തിനുള്ളിൽ ഒരു കോളനിയായിട്ടാണ് ഞങ്ങൾ താമസിക്കുന്നത്. 40 ഏക്കർ വരുന്ന കൃഷിഭൂമിയുടെ കൺവീനറായി ആറു വർഷം പ്രവർത്തിച്ചയാളാണ് ഞാൻ. 40 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്ന 19 കുടുംബങ്ങളാണ് അഞ്ച് സെന്റ് ഭൂമിയിലായി താമസിക്കുന്നത്. എല്ലാം ചെറിയ കൂരകളാണ്. വെള്ളം കയറുമ്പോൾ ഞങ്ങൾ അവിടെ നിന്നും മാറും. ഇറങ്ങുമ്പോൾ തിരിച്ചു വരും. ഇതാണ് ഞങ്ങളുടെ ഗൃഹസങ്കൽപ്പം.

ഈ പ്രളയത്തിന്റെ യഥാർത്ഥ പ്രതികൾ സർക്കാരാണ്. സർക്കാരിന്റെ വികസനസങ്കൽപ്പങ്ങളാണ് ഇതിന് കാരണം. കോർപ്പറേറ്റുകളോടുള്ള അമിതതാത്പര്യമാണ് ഇത്രയും നാശനഷ്ടങ്ങൾ സൃഷ്ടിച്ച പ്രകൃതിദുരന്തങ്ങൾക്ക് കാരണമായത്. ഈ ഭൂമി ഞങ്ങളുടേതുകൂടിയാണെന്നും ഞങ്ങൾക്കും അവകാശങ്ങളുണ്ടെന്നും ഇപ്പോഴെങ്കിലും കേരളം കേട്ടേ മതിയാകൂ. ഇനിയെങ്കിലും സർക്കാർ ഞങ്ങളോട് സംവദിച്ചേ മതിയാകൂ. നിങ്ങൾ പറയുന്ന വികസനത്തിന് ജാതിയുണ്ട്. അതുകൊണ്ടാണ് കുട്ടനാട്ടിലെ വിതക്കുന്നവരും കൊയ്യുന്നവരുമായ ഞങ്ങൾക്ക് അതിന്റെ ഫലം അനുഭവിക്കാൻ കഴിയാതെ പോകുന്നത്. ദുരന്തം സൃഷ്ടിക്കാത്ത ആദിവാസികളും ദളിതരും കർഷകരും മത്സ്യത്തൊഴിലാളികളുമാണ് കേരളത്തിന്റെ പുനർനിർമ്മാണ പരിപാടികൾക്ക് നേതൃത്വം നൽകേണ്ടത്. ഞങ്ങളുടെ അഭിപ്രായങ്ങൾക്കും അനുഭവങ്ങൾക്കുമാണ് സർക്കാണ് പ്രാമുഖ്യം നൽകേണ്ടത്. കുട്ടനാട്ടിലെ വീടുകൾ ദുർബലമാണ്. ചതുപ്പുഭൂമിയിൽ പണിതതിനാൽ എപ്പോ

ഴും തകർന്നുവീഴാൻ സാധ്യതയുള്ളതാണ്. മറ്റു ഭാഗങ്ങളെല്ലാം സമ്പന്നർ കൈവശപ്പെടുത്തിയിരിക്കുന്നു. ജലസമ്പത്തിനോട് താത്പര്യമില്ലാത്ത, അതിനോട് ഇണങ്ങി ജീവിക്കാത്ത മനുഷ്യരും കുട്ടനാട്ടിലുണ്ട്. ടൂറിസമാണ് അവർക്കെല്ലാം താത്പര്യമുള്ള മേഖല. കുട്ടനാടിന്റെ ഭൂസവിശേഷത മാറ്റിമറിച്ച് സമ്പന്നരാവുക എന്നതിൽ കവിഞ്ഞ് മറ്റൊരാഗ്രഹവും അവർക്കില്ല. പശ്ചിമഘട്ടം മുഴുവൻ പൊട്ടിച്ചെടുത്ത് കുട്ടനാട്ടിൽ കൊണ്ടുവന്ന് നികത്തുകയാണ്. പശ്ചിമഘട്ടം സംരക്ഷിക്കപ്പെട്ടാൽ കുട്ടനാടും സംരക്ഷിക്കപ്പെടും. കുട്ടനാട്ടിന്റെ ഇക്കോളജിയെ ഇല്ലാതാക്കുന്ന ഒരു നിർമ്മിതികളും അനുവദിക്കരുത്. സംസ്ഥാനത്തിന്റെ മുഴുവൻ സമ്പത്തും കെട്ടിടങ്ങൾ പണിയാനല്ല സർക്കാർ ചിലവഴിക്കേണ്ടത്. വികസനമെന്നാൽ കെട്ടിടനിർമ്മാണം എന്നല്ല അർത്ഥം. അവശേഷിക്കുന്ന കുന്നുകൾ കൂടി പൊട്ടിച്ചെടുത്ത് നിർമ്മാണ മേഖല വികസിപ്പിക്കുകയല്ല വേണ്ടത്. പാരിസ്ഥിതിക വിഭവങ്ങളെല്ലാം സംരക്ഷിക്കപ്പെടുന്ന തരത്തിൽ നിയമങ്ങൾ നിർമ്മിക്കുകയും ഭേദഗതികൾ വരുത്തുകയും വേണം. കുട്ടനാടിപ്പോൾ വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ കാലവർഷക്കെടുതിയിൽ പല തവണ പ്രളയം നേരിടേണ്ടി വന്ന ഒരുപാട് കുട്ടനാട്ടുകാരുണ്ട്. അവരെല്ലാം പ്രളയബാധിതരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. വളരെ ലാഘവത്തോടെയാണ് ഈ കാര്യം സർക്കാർ കൈകാര്യം ചെയ്യുന്നത്.എല്ലാ വർഷവും അഭയാർത്ഥികളാകുന്നതുകൊണ്ട് ഞങ്ങൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതില്ല എന്നതാണ് ഉദ്യോഗസ്ഥരുടെ പക്ഷം. ഈ സമീപനം സർക്കാർ തിരുത്തിയേ മതിയാകൂ. ഇത്രയധികം കോടി രൂപ ദുരിതാശ്വാസ നിധിയിലേക്ക് എത്തുമ്പോൾ അത് വളരെ സുതാര്യതയോടെ, വ്യക്തമായ പദ്ധതികളോടെയാണ് ചിലവഴിക്കപ്പെടേണ്ടത്. ആയിരക്കണക്കിന് ഏക്കർ ഭൂമി കുട്ടനാട്ടിൽ തരിശ് കിടക്കുകയാണ്. ഈ ഭൂമിയെല്ലാം കർഷകരായ ദലിതർക്ക് കൈമാറിയാൽ കേരളത്തിന്റെ ഭക്ഷ്യപ്രതിസന്ധി ഞങ്ങൾ പരിഹരിച്ചോളാം. ഞങ്ങൾക്കറിയാം കേരളത്തെ തീറ്റിപ്പോറ്റാൻ. തലമുറകളായി അത് ചെയ്യുന്നവരാണ് ഞങ്ങൾ. വിതയ്ക്കാനും കൊയ്യാനും വിതരണം ചെയ്യാനുമെല്ലാം നന്നായറിയാം. ■

## ശബരിമല ആദിവാസികൾക്ക് തിരിച്ചുനൽകുക

# വില്ലുവണ്ടി യാത്ര

### അയ്യൻകാളിയുടെ വെങ്ങാനൂർ സ്മൃതി മണ്ഡപത്തിൽ നിന്നും എരുമേലിയിലേക്ക്

**2018 ഡിസംബർ 1ന്**




**ശബരിമലയിൽ** പാരമ്പര്യമായി ആദിവാസികൾ അനുഷ്ഠിച്ചു വന്നിരുന്ന ആചാരങ്ങൾ പുനഃസ്ഥാപിക്കാൻ 'ശബരിമല ആദിവാസി അവകാശ പുനസ്ഥാപന സമിതി'ക്ക് രൂപം നൽകാൻ കോട്ടയത്ത് നടന്ന കൺവെൻഷൻ തീരുമാനിച്ചു. വിവിധ ദലിത് ആദിവാസി പൗരാവകാശ നേതാക്കൾ പങ്കെടുത്തു. 'മലയരയരും ശ്രീ അയ്യപ്പനും', 'സമ്പൂർണ്ണ അയ്യപ്പചരിതം' എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവും, മലയരയ നേതാവുമായ പ്രഭാകരൻ കണ്ണാട്ട് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. താഴമൺ തന്ത്രി കുടുംബപരമ്പരയിൽപ്പെട്ടവരും അന്യനാട്ടിൽ നിന്നും വന്നവരും ശബരിമലയുടെ ചൈതന്യം നശിപ്പിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. പരമ്പരാഗതമായി ആദിവാസികൾ തുടർന്നുവന്ന ആചാരങ്ങൾ ഏതെല്ലാമാണെന്നും, അതിന്റെ ലംഘനങ്ങളെകുറിച്ചുമുള്ള പ്രബന്ധം എം.ഐ. രവീന്ദ്രൻ അവതരിപ്പിച്ചു. ഊരാളിഗോത്രങ്ങൾ ഉൾപ്പെടെ പരിപാലിച്ചുവന്നിരുന്ന ആചാരങ്ങളെകുറിച്ച് പി.ജി. ജനാർദ്ദനൻ (ഗോത്രമഹാസഭ) വിശദീകരിച്ചു. മണ്ഡലകാലം ആരംഭിച്ചതിനുശേഷം, ഡിസംബർ ഒന്നിന് ആദിവാസികളുടെ അവകാശവും ആചാരരീതികളും പുനസ്ഥാപിച്ചുകിട്ടുന്നതിനും ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും ലിംഗസമത്വത്തിനും വിപുലമായ പ്രക്ഷോഭ കൺവെൻഷനും വില്ലുവണ്ടി യാത്രയും സംഘടിപ്പിക്കും. മഹാത്മാ അയ്യൻകാളിയുടെ വെങ്ങാനൂർ സ്മൃതി മണ്ഡപത്തിൽ നിന്ന് ആരംഭിക്കുന്ന വില്ലുവണ്ടി യാത്ര ഉച്ചയ്ക്ക് എരുമേലിയിൽ എത്തിച്ചേരും. നവോത്ഥാന കേന്ദ്രങ്ങളിൽ നിന്നും, സമരഭൂമിയിൽ നിന്നും, കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നുമുള്ള വില്ലുവണ്ടികൾ എരുമേലിയിൽ എത്തിച്ചേരും. തുടർന്ന് 3 മണിക്ക് കൂടി റാലിയും വൈകിട്ട് 4ന് കൺവെൻഷനും സംഘടിപ്പിക്കാനും സമിതി തീരുമാനിച്ചു. ആദിവാസി നേതൃത്വങ്ങൾ, ശബരിമലയിലെ ആചാരങ്ങൾ പാലിച്ചിരുന്ന ഗോത്രവർഗ്ഗ, ദലിത് സംഘടനാ നേതാക്കൾ, വനിതാസംഘടന പ്രവർത്തകർ, ചരിത്ര ഗവേഷകർ തുടങ്ങിയവർ കൺവെൻഷനിൽ പങ്കെടുക്കും. ബ്രാഹ്മണാചാരം അടിച്ചേൽപ്പിച്ചിരുന്ന തന്ത്രി കുടുംബത്തെ ശബരിമലയിൽ നിന്നും കുടിയിറക്കുക, ആദിവാസികളുടെ ആചാരങ്ങളും വനാവകാശവും പുനഃസ്ഥാപിക്കുക. ലിംഗനീതി ഉറപ്പാക്കുന്ന സുപ്രീംകോടതി വിധി നടപ്പാക്കുക, ശബരിമലയിലെ വിഭവങ്ങൾ ആദിവാസിവികസനത്തിന് ഉപയോഗിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് സമിതി ഉന്നയിക്കുക.